# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 4081

16.12.2014 ൽ മറുപടിയ്ക്ക്

## റിസ്ക് ഫണ്ട് സ്കീം ആനുകൂല്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്. ശർമ്മ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) റിസ്ക് ഫണ്ട് ആനുകൂല്യം ലഭ്യമാക്കുന്നതിന് എത്ര രൂപയാണ് പ്രീമിയമായി വാങ്ങുന്നതെന്ന് വ്യക്തമാക്കാമോ; | (എ) നിലവിലുള്ള റിസ്ക് ഫണ്ട് നിയമാവലി വ്യവസ്ഥ പ്രകാരം വായ്പക്കാർ വായ്പ തുകയുടെ 0.35 ശതമാനം എന്ന നിരക്കിൽ കുറഞ്ഞത് 100 രൂപയും പരമാവധി 525 രൂപയും ഒറ്റത്തവണ പ്രീമിയമായി നൽകേണ്ടതുണ്ട്. |
| (ബി) റിസ്ക് ഫണ്ട് സ്കീം പ്രകാരം പ്രീമിയം അടക്കുകയും എന്നാൽ ലോൺ കാലാവധിക്ക് മുമ്പ് ലോൺ എടുത്തയാൾ മരണപ്പെടുകയും ചെയ്താൽ നിശ്ചിത കാലപരിധി കഴിഞ്ഞുവെന്ന കാരണം കൊണ്ട് മാത്രം ആനുകൂല്യം നിഷേധിക്കുമോ; | (ബി) റിസ്ക് ഫണ്ട് നിയമാവലിയിലെ ക്ലാസ് 4 (ബി) പ്രകാരം വായ്പാ കാലാവധിയിൽ വായ്പക്കാരൻ മരണപ്പെട്ടാൽ മരണപ്പെട്ട തീയതിയ്ക്ക് തൊട്ട് മുമ്പ് തുടർച്ചയായി 6 മാസത്തിൽ അധികരിച്ചും, വായ്പാക്കാലാവധി കഴിഞ്ഞ് വായ്പക്കാരൻ മരണപ്പെട്ടാൽ വായ്പാക്കാലാവധി തീരുന്ന തീയതിയ്ക്ക് തൊട്ട് മുമ്പ് തുടർച്ചയായി 6 മാസത്തിൽ അധികരിച്ചും വായ്പാ മുതലിൽ തിരിച്ചടവിൽ വീഴ്ച വരുത്തിയാൽ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല എന്ന വ്യവസ്ഥയുണ്ട്. അല്ലാതെ വായ്പാക്കാലാവധി കഴിഞ്ഞു എന്ന കാരണം കൊണ്ട് ആനുകൂല്യം നിഷേധിക്കുന്നില്ല. |
| (സി) പ്രീമിയം അടച്ച കഴിഞ്ഞു എന്ന കാരണത്താൽ ഇത്തരം കേസുകൾ പ്രത്യേകമായി പരിഗണിച്ച് ആനുകൂല്യം അനുവദിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ? | (സി) റിസ്ക് ഫണ്ട് നിയമാവലിയിലെ ക്ലാസ് 13 (6) പ്രകാരം റിസ്ക് ഫണ്ട് പദ്ധതിയിലെ ഏതെങ്കിലും വ്യവസ്ഥകൾക്ക് ബോർഡ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇളവ് അനുവദിക്കുന്നതിന് |

സർക്കാരിന് അധികാരമുണ്ട്. ഈ നിയമ വ്യവസ്ഥ പ്രകാരം അർഹതയുള്ള കേസുകളിൽ നിയമാവലിയിലെ ക്ലാസ് 4 (ബി) യിലെ വ്യവസ്ഥകൾക്ക് ഇളവ് അനുവദിച്ച് ആനുകൂല്യം നൽകുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**